**മധുരമായ കുട്ടികളേ - സർവ്വശക്തിവാനായ ബാബയുടെ ഓർമ്മയിലൂടെ ആത്മാവിൽക്കൂടിയ വികാരങ്ങളുടെ അഴുക്കിനെ കളയുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ.**

**ചോദ്യം:**– ബാബയിൽ നിന്നും ബുദ്ധിയോഗം മുറിയുന്നതിന്റെ മുഖ്യമായ കാരണമെന്താണ്, യോജിപ്പിക്കുന്നതിനുള്ള സഹജമായ പുരുഷാർത്ഥമെന്ത്?
**ഉത്തരം:**– ബുദ്ധിയോഗം മുറിയുന്നത് ദേഹാഭിമാനത്തിൽ വരുന്നതിലൂടെ, ബാബയുടെ ആജ്ഞയെ മറക്കുന്നതിലൂടെ, മോശമായ ദൃഷ്ടി വെയ്ക്കുന്നതിലൂടെയാണ്. അതിനാൽ ബാബ പറയുന്നു, കുട്ടികളെ എത്രത്തോളം സാധിക്കുന്നുവൊ ആജ്ഞാകാരിയാകൂ. ദേഹീ അഭിമാനിയാകുന്നതിനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യൂ. അവിനാശി സർജന്റെ ഓർമ്മയിലൂടെ ആത്മാവിനെ ശുദ്ധമാക്കൂ.

***ഗീതം:***– വരാൻ പോകുന്ന നാളെയുടെ ഭാഗ്യമാണ് നിങ്ങൾ....

**ഓം ശാന്തി**. ശിവ ഭഗവാന്റെ വാക്കുകൾ. കുട്ടികൾ ഗീതം കേട്ടുവല്ലോ. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മുടെ മുന്നിൽ ബാബ ഇരിക്കുന്നു, ആ ബാബയെ തന്നെയാണ് പതിത പാവനൻ എന്നു പറയുന്നത്. പരമപിതാ പരമാത്മാവിനെ തീർച്ചയായും പതിത പാവനൻ എന്നു പറയും. ബ്രഹ്മാ, വിഷ്ണു ശങ്കരനെ പതിത പാവനൻ എന്നു പറയില്ല. ബാബ ജ്ഞാന സാഗരനാണ്. കുട്ടികൾ മനസ്സിലാക്കുന്നു നമ്മൾ ആത്മാക്കൾ പരമപിതാ പരമാത്മാവിൽ നിന്നും ജ്ഞാനം കേൾക്കുന്നു എന്ന്. നിങ്ങൾ ഇപ്പോൾ ആത്മാഭിമാനിയായി. ലോകത്തിൽ സർവ്വരും ദേഹാഭിമാനികളാണ്. ആത്മാഭിമാനി ശ്രേഷ്ഠാചാരിയായി മാറുന്നു. അവരെ പരമാത്മാവ് തന്നെയാണ് ആത്മാഭിമാനിയാക്കുന്നത്. ബാബ മനസ്സിലാക്കി തരുന്നു ആത്മാവ് തന്നെയാണ് പാപാത്മാവും പുണ്യാത്മാവുമാകുന്നത്. പാപ ശരീരം അഥവാ പുണ്യ ശരീരം എന്നു പറയാറില്ല. ആത്മാവിൽ തന്നെയാണ് സംസ്ക്കാരമുള്ളത്. ശരീരം അടിക്കടി നശിക്കുന്നു. കുട്ടികളാകുന്ന നിങ്ങൾക്കറിയാം ശിവബാബയെ അവിനാശി സർജൻ എന്നും പറയുന്നു. ആത്മാവും അവിനാശി, ബാബയും അവിനാശി. ആത്മാവിന് ഒരിക്കലും നാശം സംഭവിക്കുന്നില്ല. ബാക്കി ആത്മാവിൽ അഴുക്ക് നിറയുന്നു. ഏറ്റവും മോശമായ അഴുക്കാണ് കാമവികാരം, പിന്നെ ക്രോധം. ആത്മാക്കൾക്ക് ബാബ മനസ്സിലാക്കി തരുന്നു അതിനാൽ പരമാത്മാവ് തന്നെയാണ് ഈ സാധാരണ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിക്കുന്നത് എന്ന നിശ്ചയം ഉണ്ടായിരിക്കണം. ബാബയാണ് ഈ രഥത്തിന്റെ സാരഥി. കുതിരയുടെ രഥമല്ല. പരമപിതാ പരമാത്മാവ് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു– ഹേ ആത്മാവേ, നിന്റെ മേൽ 5 വികാരങ്ങളുടെ അഴുക്ക് പ്രവേശിച്ചു. 5 വികാരങ്ങളെയാണ് രാവണൻ എന്നു പറയുന്നത്. രാവണനിലൂടെ അഴുക്ക് നിറഞ്ഞത് കാരണം നിങ്ങൾ സർവ്വരും വികാരിയും ദുഃഖിതരുമായി. ഇപ്പോൾ ഞാൻ നിങ്ങളിലുള്ള വികാരങ്ങളെ ഇല്ലാതാക്കുന്നു. ഈ വികാരങ്ങളെ ഇല്ലാതാക്കുന്ന സർജൻ ഞാൻ തന്നെയാണ്. മനുഷ്യാത്മാക്കൾക്ക് വേറൊരു സർജൻ ഉണ്ടായിരിക്കില്ല. മനുഷ്യർക്ക് ഒരിക്കലും ആത്മാവിലുള്ള അഴുക്കിനെ ഇല്ലാതാക്കാൻ സാധിക്കില്ല. ഈ വികാരങ്ങളെ ഇല്ലാതാക്കുന്നതിന് സർവ്വശക്തിവാനായ പരമാത്മാവിന്റെ ആവശ്യമുണ്ട്. ബാബ പറയുന്നു –ഹേ ജീവാത്മാക്കളെ, ഹേ എന്റെ കുട്ടികളേ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ആത്മാവിലുള്ള വികാരങ്ങൾ ഇല്ലാതാകും. ഓർമ്മിക്കുന്നില്ലായെങ്കിൽ ഇല്ലാതാകില്ല. ധാരണയില്ലായെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. വികാരങ്ങൾ ഉള്ളവരെയാണ് പതിതർ എന്നു പറയുന്നത്. ആത്മാവ് പതിതമാകുമ്പോൾ ലഭിക്കുന്ന ശരീരവും പതിതമാണ്. സതോപ്രധാന ആത്മാവാണെങ്കിൽ അവർക്ക് ശരീരവും സതോപ്രധാനമായിട്ടുള്ളത് തന്നെ ലഭിക്കുന്നു. മാവിൽ ഉപ്പ് പോലെയാണ് ആത്മാവിൽ വികാരങ്ങൾ പതുക്കെ പതുക്കെ പ്രവേശിക്കുന്നത്, പിന്നീട് ദ്വാപര യുഗത്തിൽ വികാരങ്ങൾ വർദ്ധിക്കുന്നു. ആത്മാവിന്റെ കലകൾ പതുക്കെ പതുക്കെ കുറയുന്നു. 16 ൽ നിന്നും 14 ആകുന്നതിന് 1250 വർഷങ്ങൾ എടുക്കുന്നു. നിങ്ങൾക്ക് ഈ സ്മൃതിയുണ്ടായിരിക്കണം– നമ്മൾ ബി.കെ കൾ രാമന്റെ മക്കളാണ്. അവരെല്ലാവരും രാവണന്റെ കുട്ടികളാണ് കാരണം വികാരത്തിലൂടെ ജന്മമെടുക്കുന്നു. സത്യയുഗത്തിൽ വികാരമേയില്ല. ഈ സമയത്ത് ആര് എത്ര തന്നെ ആശീർവാദം നല്കുന്നവരായിക്കോട്ടെ, അവർക്കും ആശീർവാദം നല്കുന്നവർ അവരുടെ മേൽ ആരെങ്കിലും ഉണ്ടായിരിക്കും. ഏതു പോലെ പോപ്പിനെ കുറിച്ച് പറയാറുണ്ട് ആശീർവാദം നല്കുന്നുവെന്ന് എന്നാൽ അവർക്കും ഉയർന്നതിലും വെച്ച് ഉയർന്ന പരമപിതാ പരമാത്മാവിന്റെ ആശീർവാദം വേണം. ശ്രീമത്തനുസരിച്ച് നടക്കുമ്പോഴാണ് നിങ്ങൾക്ക് ആശീർവാദം ലഭിക്കുന്നത്. ആജ്ഞാകാരിയേ അല്ലായെങ്കിൽ അവർക്ക് എങ്ങനെ ആശീർവാദം ലഭിക്കും, ബാബ പറയുന്നു– ദേഹിയഭിമാനിയാകൂ. ദേഹാഭിമാനമുണ്ടെങ്കിൽ അർത്ഥം ആജ്ഞയനുസരിക്കുന്നില്ല

എങ്കിൽ, പദവിയും ഭ്രഷ്ടമാകുന്നു. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്, നിങ്ങൾ ഭാരതത്തെ ശ്രേഷ്ഠാചാരിയാക്കുന്നതിനുള്ള സേവനം ചെയ്യുന്നു, നിങ്ങൾക്ക് മൂന്നടി ഭൂമി പോലും ലഭിക്കുന്നില്ല. ഇപ്പോൾ ഞാൻ നിങ്ങൾക്ക് വേണ്ടി മുഴുവൻ സൃഷ്ടിയെ തന്നെ പുതിയതാക്കുന്നു. പ്രദർശനിയിൽ നിങ്ങൾ വലിയ വലിയ ആളുകൾക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും– ഞങ്ങൾ ഈ ഉയർന്ന സേവനത്തിലാണ്. ഭാരതത്തെ ശ്രേഷ്ഠാചാരിയാക്കി മാറ്റികൊണ്ടിരിക്കുന്നു, എങ്ങനെ? അത് വന്ന് മനസ്സിലാക്കൂ. ഞങ്ങൾ നിങ്ങൾക്ക് പറഞ്ഞു തരാം. പ്രദർശനി കാണിച്ച് മനസ്സിലാക്കി കൊടുക്കണം– ശ്രീമത്ത് ഒരേയൊരു പരമാത്മാവിന്റേതാണ്, പരമാത്മാവ് സദാ ഏകരസവും, പവിത്രവുമാണ്, അഭോക്താവാണ്, നിശ്ചിന്തനാണ്, ജ്ഞാന സാഗരനാണ്. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. ബാബയുടെ ശ്രീമത്തനുസരിച്ച് നമ്മൾ ഭാരതത്തിന്റെ സേവനം ചെയ്തു കൊണ്ടിരിക്കുന്നു. മഹിമ പറയാറുണ്ട്– പാണ്ഡവർക്ക് മൂന്നടി ഭൂമി പോലും ലഭിച്ചില്ലായിരുന്നു. മനസ്സിലാക്കി കൊടുക്കുന്നതിന് വിശാല ബുദ്ധി ഉണ്ടായിരിക്കണം. യോഗം പൂർണ്ണമായും ഉണ്ടെങ്കിലേ അതുണ്ടാകുകയുള്ളു. എങ്കിലേ ദേഹാഭിമാനത്തിന്റെ അഴുക്ക് ഇല്ലാതാകുകയുള്ളു. ബാബ നിർദ്ദേശം നല്കുന്നു– ഇന്ന ഇന്നവർക്ക് മനസ്സിലാക്കി കൊടുക്കൂ– നമ്മൾ എല്ലാവരും പവിത്രതയുടെ പ്രതിജ്ഞയെടുത്തിട്ടുണ്ട്. ഞങ്ങളുടെയടുത്ത് ഫോട്ടോയുമുണ്ട്. ഈ ഫോട്ടോയെല്ലാം മുഖ്യ ആസ്ഥാനത്തും, ദില്ലിയിലും അഥവാ സേവാകേന്ദ്രങ്ങളിലും ഉണ്ടായിരിക്കണം. ഇതിന് ബുദ്ധി വളരെ വിശാലമായിരിക്കണം. ഫോട്ടോയുടെ 3–4 കോപ്പികൾ ഉണ്ടായിരിക്കണം. എന്നാൽ മായ സമയത്തിനനുസരിച്ച് കുട്ടികളെ തോൽപ്പിച്ചു കളയുന്നു. ആശ്ചര്യമായി പരമാത്മാവിന്റേതായി മാറും, വിശ്വത്തിന്റെ രാജ്യം നേടും, എന്നിട്ട് വിട്ടു പോകും.

ഇപ്പോൾ പരിധിയില്ലാത്ത ബാബ പറയുന്നു– ഞാൻ മുഴുവൻ സൃഷ്ടിയെയും പരിവർത്തനപ്പെടുത്തുന്നു, സൃഷ്ടിയെ ഫസ്റ്റ് ക്ലാസ്സാക്കി ഞാൻ നിങ്ങൾക്ക് തരും. അവിടെയിരുന്ന് നിങ്ങൾ രാജ്യം ഭരിക്കണം. ബാക്കി സർവ്വരുടെയും വിനാശം ഉണ്ടാകും. കുട്ടികൾ തീർച്ചയായും ദേഹീയഭിമാനിയാകണം. പവിത്രമാകാനുള്ള അവകാശം സർവ്വർക്കും ഉണ്ട്. ബാബ വന്നിരിക്കുന്നു– പറയുന്നു എന്നിൽ യോഗം വെയ്ക്കൂ, ജ്ഞാനാമൃതം കുടിക്കൂ എങ്കിൽ നിങ്ങൾ ശ്രേഷ്ഠാചാരിയായി തീരും. സന്യാസിമാരും വികാരങ്ങളെ വെറുക്കുന്നു, പവിത്രമായി ജീവിക്കുന്നതല്ലേ നല്ലത്. ദേവതമാരും പവിത്രമായിരുന്നു. ബാബ തന്നെ വന്നാണ് പതിതത്തിൽ നിന്നും പാവനമാക്കുന്നത്. അവിടെ എല്ലാവരും നിർവ്വികാരിയായിരിക്കും. അതാണ് നിർവ്വികാരി ലോകം. ഭാരതം നിർവ്വികാരിയായിരുന്നപ്പോൾ സ്വർണ്ണ പറവയായിരുന്നു. അങ്ങനെ ആക്കിയത് ആരാണ്? തീർച്ചയായും ബാബ തന്നെയായിരിക്കും. ആത്മാവ് തന്നെയാണ് അപവിത്രവും രോഗിയുമായത്. ഇപ്പോൾ ആത്മാക്കളുടെ സർജൻ പരമാത്മാവാണ്. മനുഷ്യന് ആകാൻ സാധിക്കില്ല. ബാബ പറയുന്നു– ഞാൻ സ്വയം പതിത പാവനനാണ്. എന്നെ സർവ്വരും ഓർമ്മിക്കുന്നുണ്ട്. പവിത്രമായിരിക്കുന്നത് നല്ലതല്ലേ. സന്യാസിമാരെല്ലാം എന്നെ തന്നെയാണ് ഓർമ്മിച്ചിരുന്നത്. ജന്മ ജന്മാന്തരം ഓർമ്മിക്കുന്നു– ഹേ പതിത പാവനാ വരൂ എന്ന്. അതിനാൽ ഭഗവാൻ ഒന്നേയുള്ളു, ഭക്തർ തന്നെ ഭഗവാൻ എന്നു പറയാൻ സാധിക്കില്ല. കഴിഞ്ഞ കല്പത്തിലും ഞാൻ നിങ്ങൾക്ക് മനസ്സിലാക്കി തന്നിരുന്നു. ഭഗവാന്റെ വാക്കുകളാണ്– ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. ബ്രഹ്മാവിന്റെ ശരീരത്തിൽ വരുന്നു, പൂജനീയനായിരുന്നു ഇപ്പോൾ പൂജാരിയായി. പാവന രാജാവായിരുന്നു, ഇപ്പോൾ പതിതവും ദരിദ്രനുമായി. നിങ്ങൾക്ക് നിശ്ചയമുണ്ട്– നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ മക്കൾ ബി കെ ആണ് എന്ന്. പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിച്ചു. ബ്രാഹ്മണർക്ക് തന്നെയാണ് ദാനം ചെയ്യുന്നത്. എന്താണ് ദാനം ചെയ്യുന്നത്? മുഴുവൻ വിശ്വത്തെ ആരാണോ ശൂദ്രരിൽ നിന്നും ബ്രാഹ്മണരായി എന്റെ സേവനം ചെയ്യുന്നത്, അവരെ ഞാൻ സന്മുഖത്തിരുത്തി മനസ്സിലാക്കി തരുന്നു– നിങ്ങളുടെ ദൃഷ്ടി ഒരിക്കലും മോശമാകരുത്. പ്രദർശനിയിൽ മനസ്സിലാക്കി കൊടുക്കുന്നതിന് വളരെ ധൈര്യമുണ്ടായിരിക്കണം. പതിത പാവനൻ ഒരേയൊരു ബാബയാണ്. നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു, ഇവർ ജ്ഞാനസാഗരനിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ജ്ഞാന നദികളാണ്, ഇവരെ ശിവശക്തികൾ എന്നു പറയുന്നു. ശിവബാബയുമായി യോഗം വയ്ക്കുന്നതിലൂടെ ശക്തി ലഭിക്കുന്നു. 5 വികാരങ്ങളുടെ അഴുക്ക് ഇല്ലാതാകുന്നു. തുരുമ്പില്ലാതായാലേ സൂചിയെ കാന്തം ആകർഷിക്കുകയുള്ളു. ആത്മാക്കളാകുന്ന നിങ്ങളിൽ വികാരങ്ങൾ നിറഞ്ഞിരിക്കുന്നു. ഇപ്പോൾ എന്നിൽ യോഗം വയ്ക്കൂ എങ്കിൽ വികാരങ്ങൾ ഇല്ലാതാകും. ഇപ്പോൾ ഇത് രാവണ രാജ്യമാണ്., സർവ്വരുടെയും തമോ പ്രധാന ബുദ്ധിയാണ്. അപ്പോഴാണ് പരമാത്മാവ് പറയുന്നത്– ഞാൻ വന്ന് അജാമിലനെ പോലെയുള്ള പാപികളെ, സന്യാസിമാർ, അധഃപതിച്ച സ്ത്രീകൾ..സർവ്വരുടെയും ഉദ്ധാരണം ചെയ്യുന്നു. സർവ്വരെയും ശ്രേഷ്ഠാചാരിയാക്കുന്നത് ഒരേയൊരു ബാബയാണ്. പതിത പാവനനായ ബാബ തന്നെ വന്ന് ഈ മാതാക്കളിലൂടെ ഭാരതത്തെ പാവനമാക്കുന്നു. അതിനാൽ മാതാക്കൾ വിളിക്കുന്നുണ്ട്– പതിതമാകുന്നതിൽ നിന്നും രക്ഷിക്കൂ, പുരുഷൻ പവിത്രമായി ജീവിക്കാൻ അനുവദിക്കുന്നില്ല. ഇതിൽ ഞങ്ങളെ സഹായിക്കൂ എന്ന് നിങ്ങൾ ഗവൺമെന്റിനോട് പറയണം, എന്നാൽ ആ സ്ത്രീ അത്രയും ലഹരിയുള്ളതാ

യിരിക്കണം. പിന്നീട് കുട്ടികളെയും പതിയെയും ഓർമ്മിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ അധോഗതിയാകും. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തരുന്നു. എങ്ങനെ യുക്തി രചിക്കണം. ഇപ്പോൾ കുട്ടികളാകുന്ന നിങ്ങളുടെ സുഖത്തിന്റെ ദിനങ്ങൾ വരാൻ പോകുന്നു. ഞാൻ ലോകത്തെ സ്വർണ്ണിമമാക്കി നിങ്ങൾക്ക് തരുന്നു, അതിനെയാണ് സ്വർഗ്ഗം എന്നു പറയുന്നത്. ഇപ്പോൾ ശ്രീമത്ത് പറയുന്നു- ഞാനുമായി യോഗം വയ്ക്കൂ എങ്കിൽ ആത്മാവിലുള്ള അഴുക്കില്ലാതാകും. അല്ലായെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ധാരണയും ഉണ്ടാകുകയില്ല. ഒരു വികർമ്മവും ചെയ്യരുത്. ദേഹാഭിമാനം വരുന്നതിലൂടെ ബുദ്ധിയോഗം മുറിയുന്നു. ഈ ബ്രഹ്മാവും ആ ബാബയെയാണ് ഓർമ്മിക്കുന്നത്. പരമപിതാ പരമാത്മാവ് ഈ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിച്ച് പറയുന്നു- ഹേ ബ്രഹ്മാവിന്റെ ആത്മാവേ, ഹേ രാധയുടെ ആത്മാവേ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളിലുള്ള അഴുക്ക് ഇല്ലാതാകും. ആത്മാവാണെന്ന് മനസ്സിലാക്കിയാലേ ഓർമ്മിക്കാനും, ശ്രീമത്തനുസരിച്ച് പൂർണ്ണമായും നടക്കാനും സാധിക്കൂ. ലോഭവും കുറവൊന്നുമല്ല. നല്ല സാധനങ്ങൾ കണ്ടാൽ ഭക്ഷിക്കണം എന്ന ആഗ്രഹം വരുന്നു, ഇതിനെ ലോഭം എന്നു പറയുന്നു. ബാബ പറയുന്നു മായ എലിയെ പോലെയാണ് കടിക്കുന്നത്. ശാസ്ത്രങ്ങളിലും ഇങ്ങനെയുള്ള നിറയെ കഥകൾ എഴുതിയിട്ടുണ്ട്. സന്യാസിമാർ പറയും ഈ ചിത്രങ്ങളെല്ലാം നിങ്ങളുടെ കല്പനകളാണ് എന്ന്. ബാബ ഓരോ കാര്യവും കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. നമ്മൾ ചെയ്യുന്നതൊന്നും ബാബ അറിയുന്നില്ല എന്നു മനസ്സിലാക്കരുത്.

ബാബയ്ക്കറിയാം ഈ ലോകം എത്ര മോശമാണെന്ന്. അബലകളുടെ മേൽ അത്യാചാരം തീർച്ചയായും ഉണ്ടാകണം. സ്വയത്തെ യുക്തിയോടെ സംരക്ഷിക്കണം, ഇല്ലായെങ്കിൽ പദവി നഷ്ടപ്പെടും. ഡ്രാമയനുസരിച്ച് ഇതെല്ലാം സംഭവിക്കണം. നമ്മൾ മനസ്സിലാക്കി കൊടുക്കുന്നുണ്ട്, എന്നിട്ടും മനസ്സിലാക്കുന്നില്ലായെങ്കിൽ അവർ ദാസ ദാസിമാരായി തീരുന്നു, ചിലർ പ്രജകളായി തീരുന്നു. ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. എന്തു ചെയ്യാൻ സാധിക്കും. ദരിദ്രരും സമ്പന്നരുമായ പ്രജകൾ തീർച്ചയായും ഉണ്ടാകണം. ബാബ വരുന്നതും ഭാരതത്തിൽ തന്നെയാണ്, ഇതാണ് അപവിത്ര സ്ഥാൻ. ബാബ വന്ന് മുഴുവൻ ലോകത്തെയും പവിത്രസ്ഥാൻ ആക്കുന്നു. ഭാരതത്തിനു തന്നെയാണ് മുഴുവൻ വെണ്ണയും ലഭിക്കുന്നത്. കഥ എത്ര സഹജമാണ്, എന്നാൽ ജ്ഞാന യോഗത്തിലിരിക്കുന്നതിന് വളരെ ധൈര്യം കാണിക്കണം. ശ്രീമത്തനുസരിച്ച് നടക്കുന്നില്ലായെങ്കിൽ പദവി ഭ്രഷ്ടമാകുന്നു. ബാബ നിർദ്ദേശം നല്കുന്നു- ഇങ്ങനെ ഇങ്ങനെയൊക്കെ പറഞ്ഞു മനസ്സിലാക്കി കൊടുക്കൂ എന്ന്. മനസ്സിലാക്കി കൊടുക്കുന്നവർ വളരെ വിവേകശാലികളായിരിക്കണം. കുട്ടികൾക്ക് ബാബയോട് എത്ര സ്നേഹമുണ്ട്. എത്ര സ്നേഹത്തോടെ കുട്ടികൾ എഴുതുന്നു- ഞങ്ങൾ ശിവബാബയുടെ രഥത്തിനു വേണ്ടി സ്വറ്റർ അയക്കുന്നു എന്ന്. ശിവബാബ നമ്മുടെ പരിധിയില്ലാത്ത അച്ഛനാണ്. നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. ബുദ്ധിയിൽ ആ ബാബയുടെ ഓർമ്മയാണ് വരുന്നത്. ശിവബാബയുടെ രഥത്തിനു വേണ്ടി ഞങ്ങൾ ടോളി അയക്കുന്നു. ശിവബാബയുടെ രഥത്തെ ഞങ്ങൾ അലങ്കരിക്കുന്നു. ഏതുപോലെ ഹുസൈൻ രാജാവിന്റെ കുതിരയെ അലങ്കരിക്കുന്നു. ഇതാണ് സത്യം സത്യമായ കുതിര. പതിത പാവനനായ ബാബ തന്നെയാണ് പാവനമാക്കുന്നത്. ബ്രഹ്മാവും സ്വയത്തിന്റെ അലങ്കാരം ചെയ്തു കൊണ്ടിരിക്കുന്നു. ബാബയെയും ഓർമ്മിക്കുന്നു, തന്റെ പദവിയെയും ഓർമ്മിക്കുന്നു. ഇവർ രണ്ടു പേരും പക്കാ ആണ്- ജ്ഞാന ജ്ഞാനേശ്വരി തന്നെ പിന്നീട് രാജ രാജേശ്വരി ആയിതീരുന്നു, അപ്പോൾ തീർച്ചയായും അവരുടെ കുട്ടികളും ആകണം. പുരുഷാർത്ഥത്തിന്റെ നമ്പർ അനുസരിച്ചാണ് ആകുന്നത്.രാജയോഗത്തിലൂടെ രാജ രാജേശ്വരിയായി തീരുന്നു,അതും സേവനം ചെയ്യുന്നതിനനുസരിച്ച്. ബാബ സർവ്വ യുക്തികളും പറഞ്ഞു തരുന്നുണ്ട്. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയുടെ ആശീർവാദം നേടുന്നതിന് ആജ്ഞാകാരിയാകണം. ദേഹിയഭിമാനിയാകുന്നതിന്റെ ആജ്ഞയെ പാലിക്കണം.

2) മായ എലിയെ പോലെയാണ്, ഇതിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം. ലോഭം വയ്ക്കരുത്. പൂർണ്ണമായും ശ്രീമതമനുസരിച്ച് നടക്കണം.

## വരദാനം:- ലൈറ്റായി മാറി യോഗത്തിന്റെ ശക്തികളുടെ പ്രയോഗം നടത്തുന്ന പ്രയോഗീ ആത്മാവായി ഭവിക്കൂ

ജ്ഞാനീ-യോഗീ ആത്മാവായിട്ടുണ്ട് ഇപ്പോൾ ജ്ഞാന, യോഗത്തിന്റെ ശക്തിയെ പ്രയോഗത്തിൽ കൊണ്ടുവരുന്ന പ്രയോഗീ ആത്മാവാകൂ. ഏതുപോലെയാണോ സയസിന്റെ സാധനങ്ങളുടെ പ്രയോഗം ലൈറ്റിലൂടെ നടത്തുന്നത്. അതുപോലെ സൈലസിന്റെ ശക്തിയുടെ ആധാരവും ലൈറ്റാണ്. അവിനാശീ പരമാത്മാ ലൈറ്റ്, ആത്മീക ലൈറ്റ് ഒപ്പം-ഒപ്പം പ്രാക്റ്റിക്കൽ സ്ഥിതിയും ലൈറ്റ്. അതുകൊണ്ട് എപ്പോൾ എന്തെങ്കിലും പ്രയോഗിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ പരിശോധിക്കൂ ലൈറ്റാണോ അല്ലയോ? അഥവാ സ്ഥിതിയും സ്വരൂപവും ലൈറ്റാണെങ്കിൽ പ്രയോഗത്തിന്റെ സഫലത ഉണ്ടാകും.

## സ്ലോഗൻ:- ജീവൻമുക്ത അവസ്ഥയുടെ അനുഭവം ചെയ്യുന്നതിന് വേണ്ടി വികൽപങ്ങളിൽ നിന്നും വികർമ്മങ്ങളിൽ നിന്നും മുക്തമാകൂ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : ത്യാഗിയും തപസ്വിയുമായ ആത്മാക്കൾ സദാ ബാബയുടെ സ്നേഹത്തിൽ മഗ്നമായി കഴിയുന്നു. അവർ പ്രേമത്തിന്റെ സാഗരത്തിൽ, ജ്ഞാന, ആനന്ദ, സുഖ, ശാന്തിയുടെ സാഗരത്തിൽ ലയിച്ച് കഴിയുന്നു. ഇങ്ങനെ ലയിക്കുന്ന കുട്ടികൾ തന്നെയാണ് സത്യമായ തപസ്വികൾ. അവരിൽ നിന്ന് ഓരോ കാര്യത്തിന്റെയും ത്യാഗം സ്വതവേയുണ്ടാകുന്നു.